ഓവർസിയർ (ഗ്രേഡ്-III) നിയമനത്തിലെ ക്രമക്കേട്

15 (3955) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998 ഒക്ടോബർ മാസം 15-ാം തീയതി നിലവിൽവന്ന പൊതുമരാമത്ത് അഡ്മിനിസ്ട്രേഷൻ, ഇറിഗേഷൻ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിൽ 3-ാം ഗ്രേഡ് ഓവർസീയർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) റാങ്ക് ലിസ്റ്റിൽ നിന്നും ലിസ്റ്റിന്റെ കാലാവധി തീർത്ത് 8 മാസങ്ങൾക്കുശേഷം ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷനിൽ മൂന്നുപേർക്ക് നിയമനം നൽകിയിട്ടുണ്ടോ ;

(ബി) കാലാവധി തീർത്ത ലിസ്റ്റിൽ നിന്നും മൂന്നുപേർക്ക് നിയമനം നൽകാൻ കാരണമെന്തെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ നിയമനത്തിന്റെ ക്രമക്കേടുകളെ സംബന്ധിച്ച് ഗവൺമെന്റിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(ഡി) ഈ പരാതിയിൽ ഉന്നയിച്ചിരിക്കുന്ന വിഷയം സംബന്ധിച്ച് ഗവൺമെന്റ് ഏതെങ്കിലും അന്വേഷണം നടത്തുകയുണ്ടായോ ;

(ഇ) ഇതിൻപ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്ക് മാത്രമായി സംവരണം ചെയ്തിരുന്ന മൂന്ന് (3) ഒഴിവുകൾ ഹൈക്കോടതിയുടെ 8-10-2001-ലെ വിവ (ന.പി.നം. 30049/01/സി.എം.പി. 48891/01) അനുസരിച്ച് ജലവിഭവ വകുപ്പു ചീഫ് എഞ്ചിനീയറുടെ എ.6 25917/94 തീയതി. 12-10-2001 കത്ത് പ്രകാരം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു. പ്രസ്തുത കോടതി വിധിയിൽ അഡ്വൈസ് ചെയ്യുന്നത് കോടതിയുടെ പുനർ ഉത്തരവിനുശേഷമേ പാടുള്ളു എന്ന് പി.എസ്.സി.-ക്ക് നിർദ്ദേശം ഉണ്ടായിരുന്നു. അതിൻപ്രകാരം പി.എസ്.സി.-യിൽ നിന്നും എസ്.ആർ. 2(1) 2227/94/എസ്. ഡബ്ല്യൂ തീയതി. 14-5-2002 കത്തിൽ മൂന്ന് (3) പേരെ അഡ്വൈസ് ചെയ്തു. ആ മൂന്ന് (3) പേർക്ക് ചീഫ് എഞ്ചിനീയറുടെ നം. 36-25917/94 തീയതി 7-6-2002 ഉത്തരവ് പ്രകാരം നിയമനം നൽകുകയും ചെയ്തു.

(ബി) റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നതിന് മുൻപ് തന്നെ വേക്കൻസി റിപ്പോർട്ട് ചെയ്തിരുന്നു. കോടതി വിധിക്ക് കാത്തിരുന്നതിനാലാകാം പി.എസ്.സി. അഡ്വൈസ് വരാൻ താമസിച്ചത്. അഡ്വൈസ് വന്നാൽ മാത്രമേ നിയമനം നൽകുവാൻ സാധിക്കുമായിരുന്നുള്ളു.

(സി) ഈ നിയമനത്തിൽ യാതൊരു ക്രമക്കേടും നടന്നിട്ടില്ല. ഇത് സംബന്ധിച്ച് ഏതെങ്കിലും പരാതി ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി&ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly